00647715

K19U 3276

Reg. No. : ..............................
Name : ..................................

GOVT. ... GENERAL LIBRARY THALASSERY

## I Semester B.A. Degree (CBCSS - (OBE) Reg) Examination, November - 2019 (2019 Admn.)
## CORE COURSE IN MALAYALAM
## 1B01 MAL : മലയാള കവിത - ആധുനികം ആധുനികാനന്തരം

സമയം : 3 മണിക്കൂർ                                                                 മാർക്ക് : 40

**I.** 4 ചോദ്യങ്ങളിൽ നിന്ന് രണ്ടെണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1. 'വീണപൂവി'ന് മലയാള കവിതാ ചരിത്രത്തിലുള്ള പ്രസക്തി വിശദീകരിക്കുക.
2. ശിവതാണ്ഡവം ഒരു മിസ്റ്റിക് കവിതയാണ് - സമർത്ഥിക്കുക.
3. ആധുനികതാവാദത്തിന്റെ ദാർശനിക പരിസരം കടമ്മനിട്ട, സച്ചിദാനന്ദൻ, കെ. ജി. ശങ്കരപ്പിള്ള എന്നിവരുടെ കവിതകളെ മുൻനിർത്തി വിശകലനം ചെയ്യുക.
4. സമകാലിക മലയാള കവിതയുടെ സവിശേഷതകൾ ഉദാഹരണ സഹിതം വിശദീകരിക്കുക.

**II.** 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5. 'ആഴിയും തിരയും കാറ്റു-
മാഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം' - ആശയം വിശദീകരിക്കുക.

6. 'താഴേക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ നിങ്ങൾ നിശ്ചലമായ് ? നിങ്ങൾതൻകൂട്ടത്തിൽനിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ ? - ഈ വർണ്ണനയുടെ സാംഗത്യമെന്ത്?

7. 'ഈടുവെപ്പുകളെല്ലാം
പോകിലും പുതിയൊരു-
നാടു നമ്മുടേതാകാം,
അസംഖ്യം തോഴന്മാരും'
ഈ പ്രത്യാശയുടെ അർത്ഥമെന്ത് ?

P.T.O.

8. 'പാവം മാനവഹൃദയം' എന്ന തലക്കെട്ടിന്റെ ഭാവതലം വിശദമാക്കുക.

9. 'നിന്റെ ജീവനിലിഴുകിയ
ഭാഗ്യ,മെന്തൊരു ഭാഗ്യം!' ഉദ്ദേശ്യം എന്ത് ?

10. 'ചരിത്രത്തെ വെറും
ചപ്പാത്തി മാത്രമാക്കി
തിരിച്ചും മറിച്ചുമിട്ട്
അവർ അത് ചെയ്യും' സൂചിതമെന്ത്?

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11. 'പുതുമാതിരിയിൽ തീർത്ത
ഭൂതക്കണ്ണാടിയൊന്നു ഞാൻ
കയ്യിലേന്തിയതിൽ കൂടി
കണ്ടേൻ തെല്ലിച്ചരാചരം' - ആ കാഴ്ച കവിയിലുണ്ടാക്കുന്ന ദാർശനിക പരിണാമം എന്ത് ?

12. 'ആ പൂമാല' എന്ന കവിതയ്ക്ക് ഒരു ലഘു ആസ്വാദനം തയ്യാറാക്കുക.

13. 'തന്നെത്തന്നേ തീറ്റകൊടുത്തിവർ
പോറ്റിയെടുപ്പീലാരാരെ' - വിവക്ഷിതമെന്ത് ?

14. 'ഇരുവർ നാം
ഇരു കൺകൾ പോലൊരേ
കാഴ്ച കാണുന്നതേ പ്രേമം' - ആശയം വിശദമാക്കുക.

15. 'ചാരാത്ത മുറിയാകെ
പൂക്കുന്നൊരാൾ ഗന്ധം' - ഈ കല്പനയുടെ സൗന്ദര്യതലം വിശദമാക്കുക.

16. 'രാത്രി പന്ത്രണ്ടരയ്ക്ക്ഒരു താരാട്ട് ' എന്ന കവിതയുടെ രാഷ്ട്രീയമാനം എന്ത്?

IV. 6 ൽ നാലെണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17. 'മഗ്ദലന മറിയ'ത്തിലെ നാടകീയത

18. ഭാവഗീതം

19. കാല്പനിക കവിത

20. പി. കുഞ്ഞിരാമൻ നായർ

21. മഹാദേവിയക്ക

22. 'ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു
തൊണ്ട ദാഹിക്കുന്നു' - വിവക്ഷയെന്ത് ?